**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യ ലഭ്യതയിലെ ഇടിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ; | (എ) | വർധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടൽകാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിച്ചിരുന്നു. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായിരുന്നു. എന്നാൽ കെ. എം. എഫ്. ആർ. നിയമം 2017- ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018- ൽ പുതിയ കെ. എം. എഫ്. ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും CMFRI യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19- ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത വീണ്ടും കുറയുകയുണ്ടായി. 2019-2020 ലും, 2020-2021 ലും മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. 2021-2022 ൽ കടൽ മത്സ്യലഭ്യത വീണ്ടും കൂടി വന്നു. 2022-2023 ൽ കടൽ മത്സ്യ ഉൽപ്പാദനം 6.90 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2023-24 ൽ മത്സ്യ ലഭ്യത വീണ്ടും കുറഞ്ഞ് 5.81 ലക്ഷം മെട്രിക് ടൺ ആയി കുറയുകയും 2024-25 ൽ വീണ്ടും കൂടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും കഴിഞ്ഞ 4 വർഷങ്ങളിലും കടൽ മത്സ്യ ഉൽപ്പാദനത്തിൽ രാജ്യത്തെ ആദ്യ 3 സ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിയ്ക്കുമ്പോൾ |

ഉൾനാടൻ മത്സ്യലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല എന്ന് കാണുന്നു. ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനത്തിൽ നിന്നും മത്സ്യകൃഷിയിൽ നിന്നുമുള്ള ആകെ ഉൽപ്പാദനം 2023-24 വർഷം 2.51 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2024-25 വർഷം 2.80 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ കടൽ, ഉൾനാടൻ മത്സ്യലഭ്യതയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.

തുടർന്നും കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മത്സ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്ന് വരുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ്, തുറമുഖ എഞ്ചിനീറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യ

| | | | |
|---|---|---|---|
| | | | വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടുന്ന മത്സ്യത്തിന്റെ അളവ് എത്രയാണെന്നും നിലവിലെ മത്സ്യലഭ്യത എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | 2024-25 വർഷത്തെ വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഉപഭോഗത്തിന് ഏകദേശം 2541 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത 2049 ടൺ ആണ്. |
| (സി) | സംസ്ഥാനത്തിന് എന്നത്തേയ്ക്ക് മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കാമോ? | (സി) | 2024-25 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. 2022-23 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിന് പുറമെ ഏകദേശം 1.80 ലക്ഷം മെട്രിക് ടൺ മത്സ്യം അധികമായി കേരളത്തിന് ആവശ്യമായി വന്നു. ഇത്രയും അധികം മത്സ്യം കൂടി കടൽ മേഖലയിൽ നിന്നും ലഭിക്കുന്നതിന് സാധ്യത വളരെ കുറവാണ്. ഈ അപര്യാപ്തത ഉൾനാടൻ മത്സ്യോതപാദനത്തിലൂടെ നികത്താൻ കഴിയുമ്പോൾ മാത്രമേ മത്സ്യ ലഭ്യതയിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കഴിഞ്ഞ പത്ത് വർഷത്തെ കടൽ, ഉൾനാടൻ മത്സ്യലഭ്യതയുടെ വിശദാംശങ്ങൾ**

| വർഷം | സമുദ്ര മത്സ്യ ഉൽപ്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) | ഉൾനാടൻ മത്സ്യ ഉൽപ്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|---|
| 2016-17 | 4.88 | 1.88 |
| 2017-18 | 4.83 | 1.89 |
| 2018-19 | 6.09 | 1.92 |
| 2019-20 | 4.75 | 2.05 |
| 2020-21 | 3.91 | 2.24 |
| 2021-22 | 6.01 | 2.25 |
| 2022-23 | 6.90 | 2.29 |
| 2023-24 | 5.81 | 2.51 |
| 2024-25 | 6.47 | 2.80 |
| 2025-26 (രണ്ടാം പാദം വരെ) | 2.95 | 1.45 |